"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ ജെറി ജോസഫ് കെ, ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക്) - ജോലി ക്രമീകരണ വ്യവസ്ഥയിലെ നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3181/2025/H&FWD തീയതി,തിരുവനന്തപുരം, 17-10-2025

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20-08-2025 തീയതിയിലെ ഇബി 1-18966/2025/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലാ ആശുപത്രിയിലെ ഫോറൻസിക് വിഭാഗം കൺസൾട്ടന്റ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് പോസ്റ്റ്മാർട്ടം ചെയ്ത് വന്നിരുന്നതെന്നും അതിൽ ഒരാളായ ഡോ. ജെറി ജോസഫ്.കെ-യ്ക്ക് ഫോറൻസിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി placement നൽകി ഇടുക്കി ജില്ലാ ആശുപത്രിയിൽ നിയമിച്ചിരിക്കുന്നതിനാൽ നിലവിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യേണ്ട സാഹചര്യമാണെന്നും ആയതിനാൽ ഡോ. ജെറി ജോസഫ്.കെ-യെ ജോലിക്രമീകരണ വ്യവസ്ഥയിൽ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് നിയമിക്കണമെന്ന് പാലക്കാട് ജില്ലാ ആശുപത്രി സൂപ്രണ്ട്, ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അഭിപ്രായപ്പെട്ടിട്ടുള്ളതായും ആയതിനാൽ ഡോ. ജെറി ജോസഫ്.കെ-യെ ജോലിക്രമീകരണ വ്യവസ്ഥയിൽ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് നിയമിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ ആശുപത്രിയിലെ ഫോറൻസിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ ജെറി ജോസഫ് കെ -യ്ക്ക് ഉത്തരവ് തീയതി മുതൽ ആറ് മാസത്തേക്കോ പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നത് വരേയ്ക്കോ ഏതാണ് ആദ്യം അതുവരേയ്ക്ക് പാലക്കാട് ജില്ലാ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം

അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി /പാലക്കാട്
ഡോ ജെറി ജോസഫ് കെ , ജൂനിയർ കൺസൾട്ടന്റ്
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ (File No. A2/472/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 17-10-2025 14:18:03

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്തു നം. ഇ.ബി1 -18966/2025/ആ.വ.ഡ തീയതി21-10-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 21-10-2025 09:48:40

ആരോഗ്യ വകുപ്പ് ഡയറക്ടർ